**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4292** **28-10-2021 - ൽ മറുപടിയ്ക്ക്**

**കൽക്കരി ക്ഷാമം മൂലമുള്ള വൈദ്യുതി പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്തെ കൽക്കരി ക്ഷാമം സംസ്ഥാനത്ത് വൈദ്യുതി പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടോ; | (എ) | കൽക്കരി ക്ഷാമം മൂലം കേന്ദ്രപൂളിൽ നിന്നും ദീർഘകാല കരാറുകൾ വഴിയും സംസ്ഥാനത്ത് ലഭ്യമാകുന്ന വൈദ്യുതിയിൽ കുറവുണ്ടായിട്ടുണ്ട്. എന്നാൽ നല്ല നിലയിൽ മഴ ലഭിച്ച അവസരങ്ങളിൽ ഉപഭോഗത്തിൽ കുറവ് വന്നിട്ടുള്ളതിനാൽ വൈദ്യുതിയുടെ കുറവ് തീവ്രമായി സംസ്ഥാനത്തെ ബാധിച്ചിട്ടില്ല. |
| (ബി) | പവർകട്ടും ലോഡ് ഷെഡിങ്ങും ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; | (ബി) | പവർകട്ടും ലോഡ് ഷെഡ്ഡിങ്ങും ഏർപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | പ്രസ്തുത കാരണത്താൽ വൈദ്യുതി ചാർജ്ജിൽ വർദ്ധനവ് വരുത്തേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | നിലവിൽ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി കേരളത്തിൽ ഉണ്ടായിട്ടില്ല. കൽക്കരി ക്ഷാമം തുടർന്ന് പോവുകയും കെ.എസ്.ഇ.ബി ദീർഘകാല കരാറുകളിൽ ഏർപ്പെട്ടിരിക്കുന്ന വൈദ്യുതി നിലയങ്ങളിൽ നിന്നും ലഭ്യമാകേണ്ട വൈദ്യുതിയിൽ കുറവ് വരുകയും ചെയ്യുന്ന സാഹചര്യത്തിൽ, പീക്ക് സമയങ്ങളിൽ സംസ്ഥാനത്തിന്റെ വൈദ്യുതി ഉപഭോഗം നിറവേറ്റാൻ കൂടിയ വിലക്കുള്ള വൈദ്യുതി വാങ്ങേണ്ടുന്ന സാഹചര്യം ഉണ്ടാവുകയും ആനുപാതികമായി വൈദ്യുതി വില വർദ്ധിപ്പിക്കേണ്ട സാഹചര്യം ഉണ്ടാവുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ